ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ വികസനത്തിന് നടപടി

112(823) ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ വികസനത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് ഏതെല്ലാം കോഴ്സുകൾ ഇപ്പോൾ നടക്കുന്നുണ്ട് എന്നും പുതിയതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ സ്ഥലം പരമാവധി പ്രയോജനപ്പെടുത്തി വെറ്ററിനറി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ഫാമിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴി, കാടക്കുഞ്ഞ് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

പിതൃശേഖരം, ഉപകരണങ്ങൾ, തീറ്റ എന്നിവ വാങ്ങുന്നതിനും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം, നിലവിലുള്ളതിന്റെ പുതുക്കിപ്പണി എന്നിവയും ഉദ്ദേശിക്കുന്നു. കേന്ദ്ര സഹായത്തോടെ പന്നി, മുയൽ, എന്നിവ വളർത്താൻ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ആധുനീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മുട്ടക്കോഴി, ഇറച്ചിക്കോഴി, എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫാമിന്റെ ശേഷി വർദ്ധിപ്പിച്ചു. 1997-98 മുതൽ പദ്ധതിയിനത്തിൽ ഫാമിൽ ഇതുവരെ ചിലവഴിച്ച തുകയുടെ കണക്ക് ചുവടെ കൊടുക്കുന്നു.

1997-98	-	24 ലക്ഷം
1998-99	-	55 ലക്ഷം
1999-2000	-	38 ലക്ഷം.

(സി) സെൻട്രൽ ഹാച്ചറിയിൽ സ്ഥിതിചെയ്യുന്ന പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ട്രെയിനിംഗ്, കർഷകർക്കുള്ള പരിശീലനം, വി.എച്ച്.എസ്.സി. പാസ്സായവർക്ക് മൃഗസംരക്ഷണത്തിൽ പരിശീലനം മുതലായവയും മിക് സെക്സിംഗ് പരിശീലനവും നൽകിവരുന്നു. പുതുതായി കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശമില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly